# കലാ കായിക ദിനം കൂടിയായിരുന്നു റസൂലിന്റെ പെരുന്നാൾ

عَنْ عَائِشَةَ رَضِيَ اللَّهُ عنها: أَنَّ أَبَا بَكْرٍ رَضِيَ اللَّهُ عنهُ دَخَلَ عَلَيْهَا وَعِنْدَهَا جَارِيَتَانِ ، فِي أَيَّامِ مِنًى. تُدَفِّفَانِ وَتَضْرِبَانِ، وَالنَّبِيُّ ﷺ مُتَغَشٍّ بِثَوْبِهِ، فَانْتَهَرَهُمَا أَبُوبَكْرٍ. فَكَشَفَ النَّبِيُّ ﷺ عَنْ وَجْهِهِ فَقَالَ: دَعْهُمَا يَا أَبَابَكْرٍ، فَإِنَّهَا أَيَّامُ عِيدٍ وَتِلْكَ الأَيَّامُ أَيَّامُ مِنًى

ആഇശ(റ)യിൽനിന്ന്. പെരുന്നാൾ ദിവസം രണ്ട് പെൺകുട്ടികൾ ദഫ്ഫ് മുട്ടിക്കൊണ്ടിരിക്കെ അവരുടെ അടുക്കൽ അബൂബക്ർ(റ) കടന്നുവന്നു. റസൂൽ തന്റെ വസ്ത്രം പുതച്ച് കിടക്കുകയായിരുന്നു. അബൂബക്ർ(റ) അവരെ ശകാരിച്ചു. അപ്പോൾ തന്റെ മുഖത്തുനിന്നും തുണി നീക്കി റസൂൽ പറഞ്ഞു: "അവരെ വിട്ടേക്കൂ അബൂബക്ർ. ഇത് പെരുന്നാൾ ദിനങ്ങളാണല്ലോ. ആ ദിനങ്ങൾ മിനാ ദിനങ്ങളാണ്" (ബുഖാരി)

ഓരോ സമൂഹത്തിനും അവരുടേതായ ആഘോഷങ്ങളുണ്ട്. ആഹ്ലാദവും സന്തോഷവും പങ്കുവെക്കുന്ന ആഘോഷങ്ങൾ മനുഷ്യന്റെ സാമൂഹിക ജീവിതം സ്വയം ആവശ്യപ്പെടുന്നതാണ്. മനസ്സിനും ശരീരത്തിനും ആഹ്ലാദമെന്ന വികാരത്തെ അനുഭവിക്കാനുതകുന്ന സാമൂഹിക സന്ദർഭങ്ങളെയാണ് ആഘോഷമെന്ന് പറയുന്നത്. സുഭിക്ഷമായ ഭക്ഷണവും കായിക വിനോദ പരിപാടികളും ഒത്തുചേരുമ്പോഴാണ് ഒരു മികച്ച ആഘോഷം പിറക്കുന്നത്. ആഘോഷങ്ങളിലടങ്ങിയ ഈ മൂന്ന് ഘടകങ്ങളെയുംദീനിന്റെ ധാർമിക സദാചാരങ്ങൾക്കകത്തു നിന്ന് ഇസ്‌ലാം അംഗീകരിക്കുന്നു. മുസ്‌ലിംകൾക്ക് ആഘോഷ ദിനങ്ങളാക്കിയ രണ്ട് പെരുന്നാളുകളും ഇത്തരം ആഹ്ലാദകരമായ സാമൂഹിക വികാരങ്ങളെ പ്രകടിപ്പിക്കാനുള്ളതാണ്. പെരുന്നാൾ ദിനത്തിലെ സുഭിക്ഷമായ ഭക്ഷണത്തെ സൂചിപ്പിച്ചുകൊണ്ട് റസൂൽ പറഞ്ഞു: "അയ്യാമുത്തശ്‌രീഖ് (ദുൽഹജ്ജ് 11,12,13) തീറ്റയുടെയും കുടിയുടെയും ദൈവസ്മരണയുടെയും ദിനമാണ്" (മുസ്‌ലിം, അഹ്മദ്).

തക്ബീറും ദിക്‌റും നമസ്കാരവും മാത്രമല്ല പെരുന്നാൾ ഉള്ളടക്കത്തിന്റെ സാരം. പെരുന്നാളിന്റെ ആഘോഷപരതയെ അടയാളപ്പെടുത്തുന്നതാണ് പെൺകുട്ടികൾ ദഫ്ഫ് മുട്ടി പാടിയതിന് അംഗീകാരം നൽകിയ പ്രവാചക വചനം. കളിയും വിനോദവുമെല്ലാം പെരുന്നാൾ ദിനത്തിൽ നിന്ന് കുടിയിറങ്ങി പോയത് കൊണ്ടാണ് അതിനായി മറ്റു ആഘോഷങ്ങളെ വരവേൽക്കാൻ മുസ്‌ലിം സമുദായത്തിലുള്ളവർ പോലും തയാറാവുന്നത്.

മദീനയിലെ ജൂതന്മാർ കളിക്കും വിനോദത്തിനുമായി രണ്ട് ദിവസങ്ങൾ ഉഴിഞ്ഞുവെച്ചത് കണ്ടപ്പോൾ സാമൂഹികാഘോഷത്തിന്റെ അനിവാര്യത തിരിച്ചറിഞ്ഞാണ് റസൂൽ(സ) രണ്ട് പെരുന്നാൾ അനുവദിച്ചത്. അനസ്(റ) പ്രസ്താവിക്കുന്നു: "നബി(സ) മദീനയിലെത്തിയ കാലത്ത് അവിടത്തുകാർക്ക് കളിക്കും വിനോദത്തിനുമായി രണ്ട് ദിനങ്ങളുണ്ടായിരുന്നു. ആ രണ്ടു ദിനത്തിനു പകരം അതിനേക്കാൾ ഉത്തമമായ രണ്ട് ദിനങ്ങൾ ഈദുൽ ഫിത്‌റും ഈദുൽ അദ്ഹായും നിങ്ങൾക്കിതാ അല്ലാഹു പകരം തന്നിരിക്കുന്നു എന്ന് നബി(സ) അവരോട് പറയുകയുണ്ടായി" (നസാഇ, ഇബ്നു ഹിബ്ബാൻ).

പെൺകുട്ടികളുടെ ദഫ്ഫ് മുട്ട് മാത്രമല്ല നബി(സ)യുടെ കാലത്ത് പെരുന്നാൾ ദിനത്തിൽ നടന്നിട്ടുള്ളത്. അന്ന് അറേബ്യയിൽ പ്രചാരത്തിലുണ്ടായിരുന്ന കായിക വിനോദങ്ങളിൽ പെട്ട ആയുധം ഉപയോഗിച്ചുള്ള കായിക പ്രകടനവും യുദ്ധങ്ങളെ വർണിച്ച പോരാട്ട ഗാനങ്ങളും റസൂലിന്റെ അധ്യക്ഷതയിൽ പെരുന്നാൾ ദിനത്തിൽ നടന്നിരുന്നു. അത് കാണാൻ മസ്ജിദുന്നബവിക്ക് ചുറ്റും സ്വഹാബികൾ ഒരുമിച്ചുകൂടിയിരുന്നു. തന്റെ വീടിനകത്തുള്ള സ്ത്രീകൾക്ക് വരെ പുരുഷന്മാരുടെ അഭ്യാസ പ്രകടനം കാണാൻ നബി(സ) സൗകര്യമൊരുക്കുകയും ചെയ്തിരുന്നു. നബി പത്നി ആഇശ(റ)യിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ പെരുന്നാളിലെ കലാ കായിക വിനോദങ്ങൾ ചേർത്തു പറഞ്ഞിട്ടുണ്ട്.

ആഇശ(റ) പറഞ്ഞു: "എന്റെ അടുത്ത് രണ്ട് പെൺകുട്ടികൾ ബുആസ് യുദ്ധ ഗാനങ്ങൾ പാടിക്കൊണ്ടിരിക്കെ റസൂൽ കടന്നുവന്നു. ഉടനെ അവിടുന്ന് വിരുപ്പിൽ പുതച്ച് കിടന്നു. അതിനിടെ അബൂബക്‌റും(റ) കടന്നുവന്നു. അദ്ദേഹം എന്നെ ശകാരിച്ചുകൊണ്ടു ചോദിച്ചു: "അല്ലാഹുവിന്റെ ദൂതനു സമീപം പിശാചിന്റെ കുഴലൂത്തോ?" അപ്പോൾ റസൂൽ(സ) അദ്ദേഹത്തിനു നേരെ തിരിഞ്ഞു പറഞ്ഞു: അവരെ വിട്ടേക്കുക അബൂബക്റേ. ഓരോ ജനസമുദായത്തിനും ഓരോ പെരുന്നാളുണ്ട്. ഇന്ന് നമ്മുടെ പെരുന്നാളാണ്. അന്ന് പെരുന്നാൾ ദിവസമായിരുന്നു. സുഡാനികൾ പരിചയും കുന്തവും ഉപയോഗിച്ച് അഭ്യാസ പ്രകടനം നടത്തുകയായിരുന്നു. അപ്പോൾ റസൂൽ(സ) എന്നോട് ചോദിച്ചു: "നിനക്ക് കാണാൻ ആഗ്രഹമുണ്ടോ?" അപ്പോൾ ഞാൻ പറഞ്ഞു: 'അതെ'. എന്റെ കവിൾ അവിടത്തെ കവിളിൽ തട്ടും വിധം റസൂൽ എന്നെ പിന്നിൽ നിർത്തി. അവിടുന്ന് പറയുന്നുണ്ടായിരുന്നു: 'അബ്സീനിയക്കാരേ, തുടർന്നുകൊള്ളുക.' അങ്ങനെ ഞാൻ മടുത്തപ്പോൾ അവിടുന്നു ചോദിച്ചു: 'നിനക്ക് മതിയായോ?' ഞാൻ പറഞ്ഞു: 'അതെ.' റസൂൽ(സ) പറഞ്ഞു: 'എങ്കിൽ പൊയ്ക്കൊള്ളുക' (ബുഖാരി, മുസ്‌ലിം).

ഇസ്‌ലാം എന്ന് പറഞ്ഞാൽ കണിശമായ ആരാധനകളുടെയും നിയമചിട്ടവട്ടങ്ങളുടെയും ദർശനം മാത്രമല്ല. മനുഷ്യരുടെ പ്രകൃതി ആവശ്യപ്പെടുന്ന ആഹ്ലാദവും സന്തോഷവും അനുഭവിക്കാനും ആഘോഷിക്കാനുമുള്ള വിശാലത ദൈവിക മതത്തിനുണ്ട്. പെരുന്നാൾ ദിനത്തിലെ ഈ ആഹ്ലാദ ആഘോഷങ്ങളെക്കുറിച്ച് സൂചിപ്പിക്കെ റസൂൽ(സ) ഇസ്‌ലാമിന്റെ ഈ വിശാലതയെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ആഇശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "നമ്മുടെ ദീനിൽ വിശാലതയും സൗകര്യവുമുണ്ടെന്ന് മദീനയിലെ യഹൂദികൾ അറിയട്ടെ. ഋജുവും വിശാലവുമായ ഒരു മാർഗമായിട്ടാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്" (ഇബ്നു സർറാജ്).അതിനാൽ തന്നെ പെരുന്നാൾ ദിനത്തെ ആഘോഷമാക്കാൻ ഇത്തരം പരിപാടികൾ ഓരോ മഹല്ലിന് കീഴിലും സംഘടിപ്പിക്കാൻ സംഘടനകളും പണ്ഡിതന്മാരും മുന്നോട്ടുവരേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ആഹ്ലാദവും വിനോദവും തേടി വിശ്വാസികൾ മറ്റു സമുദായ ആഘോഷങ്ങൾ തേടി പോവുക തന്നെ ചെയ്യും. ■